രൂപീകരിക്കുന്നതിനും പാക്കേജ് വിപുലീകരിക്കുന്നതിനും ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പാക്കേജ് പരിഷ്കരിക്കുന്നതിനുള്ള അനന്തര നടപടി സ്വീകരിക്കുന്നതാണ്. അപ്പോൾ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളൊക്കെ തീർച്ചയായും സംരക്ഷിക്കപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാൻ പോവുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടുത്ത മാസം മുതൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തുന്നതിലേയ്ക്കവേണ്ടിയുള്ള എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. അതിന്റെ അടുത്ത ഘട്ടത്തിൽ കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലേയ്ക്കും കരൾമാറ്റ ശസ്ത്രക്രിയ നടത്തുന്നതിലേയ്ക്കവേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്.

(7) അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കൽ

ശ്രീ. പി. ടി. എ. റഹീം: സർ, കണ്ണൂർ ജില്ലയിലെ പടിയൂർ, മലപ്പുറം ജില്ലയിലെ മുതുവള്ളൂർ, കോഴിക്കോട് ജില്ലയിലെ പെരുമണ്ണ എന്നിവിടങ്ങളിലായി 2008-ൽ ഗവൺമെന്റ് മൂന്ന് ഹൈസ്കൂളുകൾ ആരംഭിക്കുകയുണ്ടായി. പെരുമണ്ണ ഒഴികെ രണ്ട് സ്കൂളുകളിലെയും എല്ലാ അദ്ധ്യാപക പോസ്റ്റുകളും 2011-ൽ തന്നെ അംഗീകരിച്ച് നൽകിയിട്ടുണ്ട്. 2010-ൽ കോഴിക്കോട് ജില്ലയിലെ ചെറുവാടി, നല്ലളം എന്നിവിടങ്ങളിൽ രണ്ട് ഹൈസ്കൂളുകൾ കൂടി ആരംഭിച്ചു. ആ സ്കൂളുകളിലെയും എല്ലാ പോസ്റ്റുകളും അനുവദിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോഴും പെരുമണ്ണ ഇ.എം.എസ്. ഗവൺമെന്റ് ഹൈസ്കൂളിലെ അദ്ധ്യാപക തസ്തികകൾ അനുവദിച്ച് തന്നിട്ടില്ല. ധാരാളം അദ്ധ്യാപകർ ജോലിയില്ലാതെ ശമ്പളം വാങ്ങി പലയിടങ്ങളിലായി നിൽക്കുന്നുണ്ട്. പോസ്റ്റ് ക്രിയേറ്റ് ചെയ്യാത്തതുകൊണ്ട് അവരെ ട്രാൻസ്ഫർ ചെയ്യാൻ സാധിക്കുകയില്ലെന്നാണ് വിദ്യാഭ്യാസ വകുപ്പ് പറയുന്നത്. നിയമന നിരോധനം അടുത്ത മാർച്ച് 31 വരെയുള്ളതുകൊണ്ട് ഈ ആളുകളെ പുനർവിന്യസിപ്പിക്കാൻവേണ്ടി സർക്കാർ പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്നതരണമെന്നാണ് എന്റെ അപേക്ഷ. അത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 27-11-2007-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ആരംഭിച്ച പെരുമണ്ണ ഇ. എം. എസ്. സ്കൂളിലെ 14 തസ്തികകൾ മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടെ സൃഷ്ടിക്കുകയുണ്ടായി. അതിനുപുറമെ എച്ച്. എം. -1, എച്ച്. എസ്.

LIBRARY ARCHIVES Kerala Legislative Assembly

എ. - 4, മ്യൂസിക് ടീച്ചർ - 1, ക്ലാർക്ക് - 1, എഫ്.ടി.എം. (Full-time Menial) -1 എന്നീ തസ്തികകൾ കൂടി 30-11-2010-ലെ ഡി.ഇ.ഒ. (District Educational Officer) യുടെ നടപടി പ്രകാരം സൃഷ്ടിക്കുകയുണ്ടായി. ഇത് Kerala Financial Code, Volume-I, Article- 69 (a) പ്രകാരം തെറ്റായ നടപടിയായതിനാൽ ഡി.ഇ.ഒ.യോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ആയതിന് ഡി.ഇ.ഒ. വിശദീകരണം നൽകിയിരിക്കുന്നത് ഇപ്രകാരമാണ്. 'ടി തസ്തികകൾ യഥാർത്ഥത്തിൽ സൃഷ്ടിക്കപ്പെട്ടവയല്ലെന്നും എന്നാൽ 5-10-2012-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ടി സ്കൂളിൽ എച്ച്. എം. തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും മറ്റ് തസ്തികകളിൽ താൽക്കാലികമായി സംരക്ഷിത അദ്ധ്യാപകരെയാണ് നിയമിച്ചിട്ടുള്ളതെന്നും അറിയിക്കുന്നു.' മേൽ നടപടി സാധൂകരിക്കുന്നതിനും എച്ച്. എസ്. എ. - 4, മ്യൂസിക് ടീച്ചർ - 1, ക്ലാർക്ക് -1, എഫ്.ടി.എം. (Full-time Menial) -1 എന്നീ തസ്തികകൾ സൃഷ്ടിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരിക്കുന്ന ഫയൽ ധനകാര്യ വകുപ്പ് ഇപ്പോൾ പരിശോധിച്ചുവരികയാണ്.

(8) കുട്ടനാടൻ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. ജി. സുധാകരൻ : സർ, കുട്ടനാടൻ കാർഷിക മേഖലയിലെ കർഷകർ ഇന്ന് വളരെ ദുരിതത്തിലാണ്. നെൽക്കൃഷിയാണ് അവരുടെ പ്രധാന ഉപജീവനമാർഗ്ഗം. കുട്ടനാട് പാക്കേജും കർഷകർക്ക് പ്രയോജനം ചെയ്യുന്നില്ല. നെൽകർഷകർക്കാവശ്യമായ സഹായധനം, വിത്ത്, വളം, മെതിയന്ത്രം എന്നിവ സമയബന്ധിതമായി ലഭ്യമായില്ല. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ലുമുഴുവൻ സംഭരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകാത്തതുകൊണ്ട് നെല്ല് മാസങ്ങളോളം പടശേഖരങ്ങളിൽ കിടന്ന് നശിക്കുന്നു. നെല്ലിൽ നനവ് കൂടുതലുണ്ടെന്ന കാരണം പറഞ്ഞ് കർഷകരെ ചൂഷണം ചെയ്യുന്നു. നെല്ലിന്റെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിലനിശ്ചയിച്ച് കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കാനുള്ള നടപടികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുകയാണ്. കുട്ടനാടൻ കാർഷിക മേഖലയിലെ കർഷകരുടെ പ്രധാന ഉപജീവനമാർഗ്ഗങ്ങളാണ് താറാവ് വളർത്തലും ഉൾനാടൻ മത്സ്യബന്ധനവും. ഏകദേശം പത്ത് ലക്ഷത്തോളം താറാവുകൾ ഈ മേഖലയിലുണ്ടെന്നാണ് കണക്ക്. ഇതിൽ അഞ്ച് ലക്ഷം താറാവുകൾക്ക് പക്ഷിപ്പനി ബാധിച്ചു എന്നാണ് അനൗദ്യോഗിക കണക്ക്. ആറുമാസംമുമ്പേ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുകയും താറാവുകൾ ചത്തൊടുങ്ങുകയും ചെയ്തിട്ടും നവംബർമാസം അവസാന വാരമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly